ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

---

നമ്പർ. എച്ച്1/7738/2024/മെ.വി.വ. തീയതി:16-01-2025

## കുറ്റാരോപണ പത്രിക

തൃശ്ശൂർ മെഡിക്കൽ കോളേജിലെ ലാബ് ടെക്നീഷ്യൻ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.ലുബ്ന പൂന്തല ക്കെതിരെയുള്ള ചാർജ്ജ്.

08.04.2013 ന് ലാബ് ടെക്നീഷ്യൻ ഗ്രേഡ് II തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീമതി.ലുബ്ന പൂന്തല ക്ക് 24.05.2013 മുതൽ 23.05.2018 വരെ അഞ്ച് വർഷത്തേക്ക് ശൂന്യവേതനാവധിക്ക് അപേക്ഷിച്ചിരുന്നു.തുടർന്ന് 24.05.2018 മുതൽ 23.05.2023 വരെ അഞ്ച് വർഷത്തേക്ക് കൂടി ശൂന്യവേതനാവധി നീട്ടി നൽകിയിരുന്നു. ടി അവധിയുടെ കാലാവധി 23.05.2023 ന് അവസാനിച്ചുവെങ്കിലും ടിയാൾ നാളിതുവരെയും ജോലിക്ക് തിരികെ ഹാജരായിട്ടില്ല എന്ന് തൃശ്ശൂർ മെഡിക്കൽ കോളേജിൽ നിന്നും റിപ്പോർട്ട് ചെയ്തിരുന്നു.തുടർന്ന് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ജോലിയിൽ പ്രവേശിക്കാത്തതിന്റെ കാരണം ബോധിപ്പിക്കുവാൻ 7 ദിവസത്തെ സമയം നൽകിക്കൊണ്ടുള്ള മെമ്മോ നൽകുകയും ചെയ്തിരുന്നു. ഇതിന് യാതൊരു വിശദീകരണവും നൽകിയിട്ടില്ല . ഉത്തരവാദിത്തപ്പെട്ട തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന സേവന നിരീക്ഷണത്തിലുള്ള താങ്കൾ മേൽ പറഞ്ഞ രീതിയിൽ കാണിച്ചിരിക്കുന്ന ഗുരുതര കൃത്യ വിലോപത്തിന് താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ് എന്ന് അറിയിക്കുന്നു.

Signed by
Thomas Mathew
Date: 16-01-2025 08:53:36

THOMAS MATHEW
DIRECTOR

മേൽവിവരിച്ച ആരോപണങ്ങൾക്ക് അടിസ്ഥാനമാക്കിയുള്ള രേഖകൾ:

1. ഉത്തരവ് നം.എച്ച്1/69/2012/ഡി.എം.ഇ തീയതി:26.03.2013
2. ഉത്തരവ് നം.എച്ച്1/11882/dme തീയതി:08.05.2013
3. ഉത്തരവ് നം.എച്ച്1/11882/dme തീയതി: 19.05.2018
4. നോട്ടീസ് നം.മെ.കോ.തൃ/10095/2013-ഇ2 തീയതി:19.09.2023

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in, dmekerala@gmail.com

ഫാക്സ് : 0471-2443080

ഫോൺ: (ഓഫീസ് ) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം–695011

കേരള സർക്കാർ

**മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം**

നമ്പർ. എച്ച്1/7738/2024/മെ.വി.വ. തീയതി:16-01-2025

**കുറ്റപത്രം**

ശ്രീമതി.ലുബ്ന പൂന്തല എന്ന താങ്കൾ ലാബ് ടെക്നീഷ്യൻ തസ്തികയിൽ തൃശ്ശൂർ മെഡിക്കൽ കോളേജിൽ സേവനമനുഷ്ഠിക്കവേ അനധികൃതമായി ജോലിക്കു ഹാജരാകാത്തതിൻമേലും അപ്രകാരം കൃത്യനിർവഹണത്തിൽ വീഴ്ച വരുത്തിയതിനും താങ്കൾക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതിന് നിർബന്ധിതമായിരിക്കുന്നു. താങ്കൾക്കെതിരെ 1960 ലെ കേരള സിവിൽ സർവീസുകൾ(തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങൾക്ക് അല്ലെങ്കിൽ കേരളസർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960, അതുമല്ലെങ്കിൽ നിർദ്ദേശിക്കാവുന്ന പ്രകാരം ബാധകമാക്കുന്ന മറ്റു ചട്ടങ്ങൾക്കു കീഴിൽ ഉദ്ദേശിക്കുന്ന പ്രകാരമുള്ള ശിക്ഷണ നടപടി എടുക്കാതിരിക്കാൻ കാരണം എന്തെങ്കിലുമുണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാകുന്നു.താങ്കൾക്ക് പ്രതിവാദ പത്രിക രേഖാമൂലം സമർപ്പിക്കുന്നതിന്, ഈ ആരോപണ പത്രിക കൈപ്പറ്റുന്ന ദിവസം മുതൽ 15 ദിവസം വരെയുള്ള സമയം അനുവദിച്ചിരിക്കുന്നു. ഈ സമയത്തിനുള്ളിൽ നിങ്ങളുടെ പത്രിക ലഭിയ്ക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു വിശദീകരണവും നൽകാനില്ല എന്ന അനുമാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. മേൽ വിഷയവുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമായ രേഖകൾ താങ്കൾക്ക് പരിശോധിക്കാനുണ്ടെങ്കിൽ നിശ്ചയിച്ചിട്ടുള്ള ദിവസത്തിനുള്ളിൽ ആവശ്യപ്പെട്ടാൽ അതിനവസരം നൽകാവുന്നതാണ് . മേൽ പറഞ്ഞ കുറ്റത്തിന് ആധാരമായ ആരോപണ പ്രതിക ഇതോടൊപ്പം ചേർക്കുന്നു .

Signed by
Thomas Mathew
Date: 16-01-2025 08:54:07

THOMAS MATHEW
DIRECTOR

സ്വീകർത്താവ്,

ശ്രീമതി.ലുബ്ന പൂന്തല,
തോട്ടിതൊടിയിൽ വീട്,
ഒഴുകൂർ പി ഓ
മലപ്പുറം
പിൻ - 673642